**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3732

19.03.2018–ൽ മറുപടിയ്ക്ക്

# കോന്നി ബൈപാസിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോന്നി ബൈപാസിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോന്നി ബൈപാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) അലൈൻമെന്റ് സ്റ്റോൺ ഇടുന്ന തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br>(സി) പദ്ധതിയുടെ സാമൂഹിക ആഘാത അനുമാനപഠനം പൂർത്തീകരിച്ചുവോ; എങ്കിൽ എന്നാണ് പൂർത്തീകരിച്ചത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ (പ്രസ്തുത സ്ഥലത്തെ കൃഷി ഓഫീസർ) അപേക്ഷ സമർപ്പിച്ച് സംസ്ഥാനതല സമിതി അപേക്ഷ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നെൽവയൽ നികത്തുന്നതിന് സർക്കാരിന് ഭരണാനുമതി നൽകുവാൻ കഴിയും. അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും, സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിക്കുവാനും, ബൈപ്പാസ് നിർമ്മിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ഡി) ഡി.പി.ആർ. തയ്യാറാക്കി തെറ്റുകുറ്റങ്ങൾ പൂർത്തീകരിച്ച് നൽകിയോ; എങ്കിൽ എന്നാണ് നൽകിയത്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;<br>(ഇ) ബൈപാസ് നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;<br>(എഫ്) പ്രൊപ്പോസൽ സർക്കാരിൽ എത്തിക്കാൻ നിർദ്ദേശം നൽകുമോ; | (ഡി), (ഇ) & (എഫ്) | 27.01.2018–ൽ ഡി.പി.ആർ. തയ്യാറാക്കി നൽകിയെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ലാത്ത തിനാൽ മടക്കി നൽകിയിട്ടുണ്ട്. 2018–19–ലെ ബഡ്ജറ്റിൽ ടി പ്രവൃത്തിയ്ക്കായി 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. എങ്കിലും ഭരണ വകുപ്പ് ഡി.പി.ആർ തിരികെ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| (ജി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ബൈപാസിൽ ഭൂമി ഏറ്റെടുക്കാൻ അനുമതി വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ്; പ്രസ്തുത അനുമതി ലഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ജി) നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ